LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതു കടം

204 (544) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ പൊതുകടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2011 മാർച്ചിൽ പൊതുകടം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ ഉൾപ്പടെ 30-9-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,25,258.17 കോടി രൂപയാണ്.

(ബി) 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

സംസ്ഥാനത്തിന്റെ പൊതു കടം

205 (545) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിലെ ട്രഷറി നീക്കിയിരിപ്പ് എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മേയ് മാസത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2006 മേയ് മാസത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നുവെന്നും 2011 മേയ് മാസം ആയപ്പോൾ പൊതുകടത്തിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ്;

(ഇ) 2011 മേയ് മാസം മുതൽ നാളിതുവരെ പൊതുകടത്തിൽ ആകെ എത്ര രൂപയുടെ വർദ്ധനവുണ്ടായെന്നും എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-മെയ് 31-ൽ ആകെ 1830.58 കോടി രൂപ ടഷറി ബില്ലുകളിൽ നിക്ഷേപമായി ഉണ്ടായിരുന്നു.

(ബി) 31-3-2011-ലെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(സി) 31-3-2006-ലെ പൊതുകടം 45929.05 കോടി രൂപയായിരുന്നു. 31-3-2011 ആയപ്പോൾ 71.3 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്.

(ഡി) 30-9-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 125258.17 കോടി രൂപയാണ്.

(ഇ) 2011 ഏപ്രിൽ മാസം മുതൽ 30-9-2014 വരെയുള്ള പൊതുകടം ആകെ 46584.93 കോടി രൂപയും വർദ്ധനവ് 59.21 ശതമാനവുമാണ്.

കരാറുകാർക്കുള്ള കുടിശ്ശിക

206 (546) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് ആകെ എത്ര രൂപയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്നും ഏതു കാലാവധി മുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് കെട്ടിടവിഭാഗം കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്നും എന്നുമുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) ജലവിഭവ വകുപ്പിൽ ഏതൊക്കെ കാലയളവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ ?